"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ - തൃശ്ശൂർ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ.ഷിജു ചന്ദ്രൻ ആർ - നെ ശുചിത്വമിഷനിലെ സീനിയർ കൺസൾട്ടന്റ് (ഡിസൈൻ) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2487/2024/LSGD തീയതി,തിരുവനന്തപുരം, 18-12-2024

---

പരാമർശം:-

1. സർക്കുലർ നം. 42/2013/ധന തീയതി 10/05/2013.
2. സ.ഉ.(സാധാ) നം. 580/2013/ധന തീയതി 28/11/2013.
3. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06/12/2024ലെ SM/1444/2024-B നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ.ഷിജു ചന്ദ്രൻ ആർ - നെ ശുചിത്വമിഷനിലെ സീനിയർ കൺസൾട്ടന്റ് (ഡിസൈൻ) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കണമെന്ന് പരാമർശം (3) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ.ഷിജു ചന്ദ്രൻ ആർ - നെ ശുചിത്വമിഷനിൽ സീനിയർ കൺസൾട്ടന്റ് (ഡിസൈൻ) തസ്തികയിൽ കെ.എസ്.ആർ. ഭാഗം 1 ചട്ടം 140(സി)യിലെ വ്യവസ്ഥകൾക്കും അന്യത്രസേവനം സംബന്ധിച്ച് പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ശ്രീ. ഷിജു ചന്ദ്രൻ ആർ. (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എസ്.എ./എസ്.എസ്.എ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷന കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (IA2/181/2024/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 18-12-2024 17:00:58
സെക്ഷൻ ഓഫീസർ